ഇ.എ.(8) 37873/2017.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 09-10-2017.

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

1.എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും
2.സഹകരണ ആഡിറ്റ് ഡയറക്ടർ
3.ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പൽ, സഹകരണ പരിശീലന കേന്ദ്രം.
4. സെക്രട്ടറി, കേരള സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷൻ/ കേരള സഹകരണ ട്രൈബ്യൂണൽ / ആർബിട്രേഷൻ കോടതി/
5. ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്), തിരുവനന്തപുരം.

സർ,

വിഷയം : സഹകരണ വകുപ്പ് - സീനിയർ ഇൻസ്പെക്ടർമാരുടെ രഹസ്യ ഫയൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : ഈ ആഫീസിലെ 26-08-2017 ലെ മേൽ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2018 വർഷത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ഉദ്യോഗകയറ്റം നൽകുന്നതിനായി സീനിയർ ഇൻസ്പെക്ടർ/ആഡിറ്റർമാരുടെ 2014, 2015, 2016 വർഷങ്ങളിലെ രഹസ്യഫയൽ സമർപ്പിക്കുന്നതിന് സൂചന പ്രകാരം നിർദേശിച്ചിരുന്നു.

**രഹസ്യഫയലുകൾ അതാത് വർഷങ്ങളിലെ നിയന്ത്രണ ഉദ്യോഗസ്ഥരെ കൊണ്ട് തന്നെ റിപ്പോർട്ട് ചെയ്ത് ടി കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന ഉന്നത ഉദ്യോഗസ്ഥരെ കൊണ്ട് റിവ്യു ചെയ്ത് സമർപ്പിക്കേണ്ടതാണ്.** ടി നിർദേശം പാലിക്കുന്നതിന് സർക്കാരിൽ നിന്നും കർശനമായി നിർദേശം ലഭിച്ചിട്ടുള്ളതിനാൽ രഹസ്യ ഫയൽ സമർപ്പിക്കുമ്പോൾ ഇക്കാര്യം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻമാർ ഉറപ്പുവരുത്തേണ്ടതാണ്. രഹസ്യ ഫയലിലെ പേജ് 4,5 എന്നിവയിൽ റിവ്യൂവിംഗ് ആഫീസർക്ക് സമർപ്പിക്കുന്ന തീയതിയും അതാത് കാലയളവിലെ തന്നെ ആയിരിക്കേണ്ടതാണ്.

ഏകീകൃത സീനിയോറിട്ടി ലിസ്റ്റിലെ പേര്, ജനന തീയതി തുടങ്ങിയവയിൽ വ്യത്യാസം ഉണ്ടെങ്കിൽ, ആയത് തെളിയിക്കുന്നതിന് സേവനപുസ്തകത്തിന്റെ ആദ്യത്തെ പേജിന്റേയും, എസ്.എസ്.എൽ.സി ബുക്കിന്റെ പ്രസക്ത ഭാഗത്തിന്റേയും പകർപ്പ് നിയന്ത്രണ ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ
ഒപ്പ്
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
സഹകരണ സംഘം രജിസ്ട്രാർക്ക് വേണ്ടി.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ).